**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 821** **26-07-2021 - ൽ മറുപടിയ്ക്ക്**

**മാവൂർ ഗവ. ഹയർസെക്കന്ററി സ്കൂൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | **Shri V Sivankutty**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കിഫ്‌ബിയിൽ ഉൾപ്പെടുത്തിയ സ്കൂൾ കെട്ടിടങ്ങളുടെ പ്രവൃത്തി ആരംഭിക്കാൻ സാധിക്കാത്ത ഏതെങ്കിലും സ്കൂൾ നിലവിലുണ്ടോ; എങ്കിൽ മാവൂർ ഗവ. ഹയർസെക്കന്ററി സ്കൂൾ ഉൾപ്പെടെയുള്ള സ്കൂളുകളുടെ പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം വരുന്നതിനിടയാക്കിയ കാരണങ്ങൾ വിശദമാക്കാമോ; | (എ) | ഉണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി 3 കോടി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി ഒന്നാം ഘട്ടത്തിൽ അനുമതി നൽകിയ 34 സ്കൂളുകളും, രണ്ടാം ഘട്ടത്തിൽ അനുമതി നൽകിയ 166 സ്കൂളുകളും ഉൾപ്പടെ 200 സ്കൂളുകളുടെ ഡിപിആർ കിഫ്ബിയുടെ പരിഗണനയിലാണ്. മാവൂർ ഗവ. ഹയർസെക്കന്ററി സ്കൂളിന്റെ ഡിപിആർ തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത ഡിപിആർ പുനപരിശോധിക്കുന്നതിന് കിഫ്ബി നിർദ്ദേശിച്ചിട്ടുണ്ട്. പുതുക്കിയ ഡിപിആർ തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിച്ച് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിക്കുന്നതാണ്. |
| (ബി) | ക്ലാസ് റൂമുകളുടെ അപര്യാപ്തതമൂലം പ്രയാസപ്പെടുന്ന മാവൂർ ഗവ. ഹയർസെക്കന്ററി സ്കൂൾ കെട്ടിടത്തിന്റെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (ബി) | ഉണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി 3 കോടി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി ഒന്നാം ഘട്ടത്തിൽ അനുമതി നൽകിയ 34 സ്കൂളുകളും, രണ്ടാം ഘട്ടത്തിൽ അനുമതി നൽകിയ 166 സ്കൂളുകളും ഉൾപ്പടെ 200 സ്കൂളുകളുടെ ഡിപിആർ കിഫ്ബിയുടെ പരിഗണനയിലാണ്. മാവൂർ ഗവ. ഹയർസെക്കന്ററി സ്കൂളിന്റെ ഡിപിആർ തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത ഡിപിആർ പുനപരിശോധിക്കുന്നതിന് കിഫ്ബി നിർദ്ദേശിച്ചിട്ടുണ്ട്. പുതുക്കിയ ഡിപിആർ തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിച്ച് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ